## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 432 — 6.3.2012-ൽ മറുപടിക്ക്.

## എളവൂർ റെയിൽവേ മേൽപ്പാലനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ എളവൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി റെയിൽവേ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | എളവൂർ (പുളിയനം) റെയിൽവേ മേൽപ്പാലം റെയിൽവേയും ആർ.ബി.ഡി.സി.കെ യും സംയുക്തമായി നിർമ്മിക്കുന്ന പാലമാണ്.<br>റെയിൽവേ സ്പാനിന്റെ ഇരുവശവുമായി ആർ. ബി.ഡി.സി.കെ നിർമ്മിക്കുന്ന അപ്രോച്ച് ഭാഗത്തിന്റെ തുക - 7.58 കോടിയും,<br>റെയിൽവേ നിർമ്മിക്കുന്ന റെയിൽവേ സ്പാനിന്റെ തുക 3.54 കോടി രൂപയുമാണ്. ആകെ നിർമ്മാണചിലവിന്റെ (11.12 കോടി രൂപ) 50% റെയിൽവെ വഹിക്കുമെന്നാണ് ധാരണ. |
| (ബി) | നിർമ്മാണപ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയോ; ഇല്ലെങ്കിൽ ഇതിന്റെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; | (ബി) | ആർ. ബി.ഡി.സി.കെ. ചെയ്യുന്ന പണിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവേ ചെയ്യുന്ന പണിയുടെയും ടെന്റർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | പ്രസ്തുത റെയിൽവേ മേൽപ്പാലം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ആർ.ബി.ഡി.സി.കെ യുടെ ചുമതലയിലുള്ള 10 അപ്രോച്ച് സ്പാനുകളിൽ 8 എണ്ണത്തിന്റേയും അ പ്രോച്ച് റോഡിന്റെയും |

| | | | |
|---|---|---|---|
| | | | നിർമ്മാണം മേയ് അവസാനത്തോടെ തീരുമെന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ സ്പാനുകളുടെ തൊട്ട് ഇരുവശവുമുള്ള 2 സ്പാനുകളുടെ നിർമ്മാണം റെയിൽവേ സ്പാനിന്റെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ